വെളിച്ചം സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

നാലാം ഘട്ടം

ക്യാമ്പയിൻ 6

സൂറത്തു ശുഅറാഉ്

ആയത്ത് 01 മുതൽ 33 വരെ

2022 ആഗസ്റ്റ് 28 ഞായർ മുതൽ സെപ്റ്റംബർ 10 ശനി വരെ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة الشعراء

26. സൂറഃ അല്‍ശുഅറാഉ്

മക്കഃയില്‍ അവതരിച്ചത് – വചനങ്ങള്‍ 227 – വിഭാഗം (റുകൂഉ്) 11

(അവസാനത്തെ 4 വചനങ്ങള്‍ മദീനഃയില്‍ അവതരിച്ചത്)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.

طسٓمٓ ﴿١﴾

《1》 'ത്വാ- സീന്‍- മീം' (*)

تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡمُبِينِ ﴿٢﴾

《2》 (താഴെ കാണുന്ന) അവ സുവ്യക്തമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

لَعَلَّكَ بَٰخِعٞ نَّفۡسَكَ أَلَّا يَكُونُواْ مُؤۡمِنِينَ ﴿٣﴾

《3》 അവര്‍ വിശ്വാസികളാകാത്തതിനാല്‍ നീ നിന്റെ ജീവന്‍ അപകടപ്പെടുത്തുന്നവനായേക്കാം! (അത് വേണ്ട)

إِن نَّشَأۡ نُنَزِّلۡ عَلَيۡهِم مِّنَ ٱلسَّمَآءِ ءَايَةٗ فَظَلَّتۡ أَعۡنَٰقُهُمۡ لَهَا خَٰضِعِينَ ﴿٤﴾

《4》 നാം ഉദ്ദേശിക്കുന്നപക്ഷം, അവരുടെ മേല്‍ ഒരു ദൃഷ്ടാന്തം ആകാശത്ത് നിന്നും നാം ഇറക്കുന്നതാണ്; അപ്പോള്‍ അവരുടെ പിരടികള്‍ അതിന് കീഴൊതുങ്ങുന്നതായിത്തീരുകയും ചെയ്യുന്നതാണ്. (പക്ഷേ, അങ്ങനെ ഉദ്ദേശിച്ചിട്ടില്ല).

وَمَا يَأۡتِيهِم مِّن ذِكۡرٖ مِّنَ ٱلرَّحۡمَٰنِ

《5》 പരമകാരുണികനായുള്ളവന്റെ പക്കല്‍നിന്നും പുതുതായി നല്‍കപ്പെടുന്ന ഒരു ഉല്‍ബോധനം തന്നെ- അവ

(*) ഇങ്ങനെയുള്ള കേവലാക്ഷരങ്ങളെക്കുറിച്ച് നാം ഇതിനുമുമ്പ് പലപ്രാവശ്യം സംസാരിച്ചിട്ടുള്ളതാണ്.

مُحۡدَثٍ إِلَّا كَانُواْ عَنۡهُ مُعۡرِضِينَ ﴿٥﴾

രതിൽ നിന്ന് തിരിഞ്ഞുകളയുന്നവരായി ട്ടല്ലാതെ- അവർക്ക് വരുന്നില്ല! (ഏത് തന്നെ വന്നാലും അവർ തിരിഞ്ഞുകള യുന്നു.)

فَقَدۡ كَذَّبُواْ فَسَيَأۡتِيهِمۡ أَنۢبَٰٓؤُاْ مَا كَانُواْ بِهِۦ يَسۡتَهۡزِءُونَ ﴿٦﴾

《6》 അങ്ങനെ, അവർ വ്യാജമാക്കി യിരിക്കുകയാണ്; അതിനാൽ, ഏതൊ ന്നിൽ അവർ പരിഹാസം കൊള്ളു ന്നുവോ അതിന്റെ [ആ ശിക്ഷയുടെ] വൃത്താന്തങ്ങൾ അവർക്ക് വന്നുകൊള്ളും.

《1》 طسم 'ത്വാ - സീൻ - മീം' 《2》 تِلْكَ അത്, അവ آيَاتُ الْكِتَابِ വേദഗ്രന്ഥ ത്തിലെ സൂക്തങ്ങളാണ്, ആയത്തുകളാണ് الْمُبِينِ സുവ്യക്തമായ, സ്പഷ്ടമായ 《3》 لَعَلَّكَ നീ ആയേക്കാം, ആയിരിക്കാം بَاخِعٌ അപകടപ്പെടുത്തുന്നവൻ نَفْسَكَ നിന്റെ ആത്മാവി നെ, ജീവനെ, നിന്നെത്തന്നെ أَلَّا يَكُونُوا അവർ ആകാത്തതിനാൽ مُؤْمِنِينَ വിശ്വാസികൾ, വിശ്വസിച്ചവർ 《4》 إِن نَّشَأْ നാം ഉദ്ദേശിക്കുന്നപക്ഷം نُنَزِّلْ നാം ഇറക്കും, അവതരിപ്പിക്കും عَلَيْهِم അവരുടെമേൽ, അവരിൽ مِّنَ السَّمَاءِ ആകാശത്ത് നിന്ന് آيَةً ഒരു ദൃഷ്ടാന്തം فَظَلَّتْ അപ്പോൾ ആയിത്തീരുന്നതാണ് أَعْنَاقُهُمْ അവരുടെ പിരടികൾ لَهَا അതിന്, അതിലേക്ക് خَاضِعِينَ കീഴൊതുങ്ങുന്നവ 《5》 وَمَا يَأْتِيهِم അവർക്ക് വരുന്നില്ല, ചെല്ലുന്നില്ല مِّن ذِكْرٍ ഒരു ഉൽബോധ നവും തന്നെ, ഒരു സ്മരണയും مِّنَ الرَّحْمَٰنِ റഹ്മാനിൽനിന്ന്, പരമകാരുണികനിൽ നിന്ന് مُحْدَثٍ പുതുതായി നൽകപ്പെട്ട, പുത്തനായ إِلَّا كَانُوا അവർ ആയിട്ടല്ലാതെ, ആകാതെ عَنْهُ അതിനെപ്പറ്റി, അതിൽനിന്ന് مُعْرِضِينَ തിരിഞ്ഞുകളയുന്നവർ, അശ്രദ്ധർ 《6》 فَقَدْ كَذَّبُوا അങ്ങനെ അവർ വ്യാജമാക്കിക്കളഞ്ഞു فَسَيَأْتِيهِمْ അതിനാൽ അവർക്ക് വന്നുകൊള്ളും, വരും أَنبَاءُ مَا യാതൊന്നിന്റെ വൃത്താന്തങ്ങൾ كَانُوا അവരാകുന്നു, ആയിരിക്കുന്നു بِهِ അതുകൊണ്ട്, അതി നെപ്പറ്റി يَسْتَهْزِئُونَ പരിഹാസം കൊള്ളുക, പുച്ഛിക്കുന്ന(വർ)

മുശ്‌രിക്കുകളുടെ ഉപദ്രവം അതിന്റെ പാരമ്യത്തിലെത്തിയിരുന്ന ഘട്ടത്തിൽ അവത രിച്ച സൂറത്തുകളിൽ ഒന്നാണ് ഈ സൂറത്തും. കഴിയുന്നത്ര അപവാദങ്ങളും, ആക്ഷേപ ങ്ങളും അവർ പുറപ്പെടുവിച്ചുകൊണ്ടിരിക്കയാണ്. നബി ﷺ ഒന്നിന് മറുപടി കൊടുക്കു മ്പോൾ, അവർ വേറെ ഒന്ന് മുന്നോട്ട് കൊണ്ടുവരും. ചിലപ്പോൾ നബി ﷺ യോട് 'നീ പ്രവാ ചകനാണെങ്കിൽ ആ മലകൾ ഇങ്ങോട്ട് കൊണ്ടുവരിക, അല്ലെങ്കിൽ ഇവിടെ ഒരു പുഴയു ണ്ടാക്കൂ' എന്നിങ്ങനെ തനി ബാലിശമായ ആവശ്യങ്ങൾ ഉന്നയിക്കും. നബി ﷺ ക്കാണെങ്കിൽ, അവർ വിശ്വസിച്ചുകാണുവാനുള്ള അത്യാഗ്രഹത്തിനും, അവരുടെ മർക്കടമുഷ്ടിയിലുള്ള വ്യസ നത്തിനും കണക്കുമില്ല. അവരിലാകട്ടെ, മത്സരവും, വാശിയും കൂടിക്കൊണ്ടുമിരിക്കുന്നു. ഈ അവസരത്തിൽ ഈ സൂറത്ത് മുഖേന അല്ലാഹു തിരുമേനിയെ മനസ്സമാധാനപ്പെടുത്തി ആശ്വസിപ്പിക്കുകയാണ്. അത്രയൊന്നും വ്യാകുലപ്പെട്ടു വിഷമിക്കേണ്ടതില്ല, ദൗത്യം നിർവ്വ

ഹിക്കൽ മാത്രമാണ് തന്റെ ചുമതല; അവരെ സംബന്ധിച്ചുള്ള നടപടി ഞാൻ ആയിക്കൊള്ളാം; മുൻകഴിഞ്ഞ പ്രവാചകൻമാർക്കും അവരുടെ ജനങ്ങൾക്കുമിടയിലും ഇപ്രകാരമൊക്കെ ഉണ്ടായിട്ടുണ്ട് എന്നിങ്ങനെ - പല നബിമാരുടെയും കഥകൾ തുടർന്നു വിവരിച്ചുകൊണ്ട് - അല്ലാഹു തിരുമേനിയെ ഇത് മുഖേന സാന്ത്വനപ്പെടുത്തുന്നു.

أَوَلَمْ يَرَوْا۟ إِلَى ٱلْأَرْضِ كَمْ أَنۢبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿٧﴾

﴿7﴾ **ഭൂമിയിലേക്ക് അവർ നോക്കുന്നില്ലേ - എല്ലാ(തരം) ഉൽകൃഷ്ടമായ ഇണ വസ്തുക്കളിൽനിന്നുമായി - എത്രയാണ് നാമതിൽ മുളപ്പിച്ചിട്ടുള്ളത് എന്ന്?!**

إِنَّ فِى ذَٰلِكَ لَـَٔايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٨﴾

﴿8﴾ **നിശ്ചയമായും, അതിൽ ഒരു (വമ്പിച്ച) ദൃഷ്ടാന്തം ഉണ്ട്.**

(എങ്കിലും) അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿٩﴾

﴿9﴾ **നിശ്ചയമായും, നിന്റെ രക്ഷിതാവ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.**

﴿7﴾ أَوَلَمْ يَرَوْا അവർ കാണുന്നില്ലേ, നോക്കുന്നില്ലേ إِلَى الْأَرْضِ ഭൂമിയിലേക്ക് كَمْ എത്രയാണ് (എത്രയോ) أَنْبَتْنَا നാം മുളപ്പിച്ചിരിക്കുന്നു, ഉൽപാദിപ്പിച്ചിരിക്കുന്നു فِيهَا അതിൽ مِنْ كُلِّ زَوْجٍ എല്ലാ ഇണകളുമായിട്ട്, ഇണകളിൽ നിന്നും كَرِيمٍ മാന്യമായ, ഉൽകൃഷ്ടമായ ﴿8﴾ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ഒരു (വമ്പിച്ച) ദൃഷ്ടാന്തം وَمَا كَانَ അല്ല, ആയിട്ടില്ല أَكْثَرُهُمْ അവരിൽ അധികവും مُؤْمِنِينَ വിശ്വസിക്കുന്നവർ, വിശ്വാസികൾ ﴿9﴾ وَإِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് لَهُوَ അവൻതന്നെയാണ് الْعَزِيزُ പ്രതാപശാലി الرَّحِيمُ കരുണാനിധി

ചരിത്രപരമായ ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നതിന് മുമ്പായി പ്രകൃതിപരമായ ഒരു ദൃഷ്ടാന്തം- എല്ലാവർക്കും സദാ കണ്ടറിയാവുന്ന ഒരു ദൃഷ്ടാന്തം- അല്ലാഹു ചൂണ്ടിക്കാട്ടുന്നു; വിവിധ വർഗങ്ങളും, അനേകതരം ജാതികളും ഉൾക്കൊള്ളുന്ന സസ്യലോകം! അവയുടെ ഉൽപാദനം, കൗതുകം, ഉപയോഗം, ഘടനാക്രമം ആദിയായവയിലും, മുളച്ചു തഴച്ചു വളർച്ചയെത്തിയശേഷം നാശോൻമുഖമായിത്തീർന്ന് വീണ്ടും ഉൽപാദിതമായിക്കൊണ്ടിരിക്കുന്നതിലും ബുദ്ധികൊടുത്ത് ആലോചിക്കുന്നപക്ഷം, ഈ അവിശ്വാസികൾക്ക് വേറെ ദൃഷ്ടാന്തങ്ങൾ അന്വേഷിക്കേണ്ടുന്ന ആവശ്യമില്ല. അല്ലാഹുവിലും മരണാനന്തരജീവിതത്തിലും വിശ്വസിക്കുവാൻ ഉപയുക്തമായ ധാരാളം തെളിവുകൾ അതിൽതന്നെയുണ്ട്. പക്ഷേ, അതിൽ ചിന്തിക്കാത്തത് കൊണ്ട് മിക്കവരും സത്യവിശ്വാസം സ്വീകരിക്കുവാൻ തയ്യാറില്ലാതിരിക്കുകയാണ്. വാസ്തവത്തിൽ- അവർ വിശ്വസിക്കാത്തതിന്റെ ഫലം അവർ അനുഭവിക്കേണ്ടിവരുമെന്നല്ലാതെ- അല്ലാഹുവിന്റെ ശക്തിപ്രതാപങ്ങൾക്കോ, അവന്റെ മഹത്വത്തിനോ അതു മൂലം യാതൊരു കോട്ടവും ബാധിക്കുന്നതല്ലതന്നെ. അവൻ തികച്ചും പ്രതാപശാലിതന്നെ

യാണ്. അതേ സമയത്ത് കരുണാനിധിയുമാകുന്നു എന്നിങ്ങനെ അവിശ്വാസികളെ ഉണർത്തിക്കൊണ്ട് അടുത്ത വചനം മുതൽ പല ചരിത്രസംഭവങ്ങളിലേക്കും അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വിഭാഗം - 2

وَإِذْ نَادَىٰ رَبُّكَ مُوسَىٰٓ أَنِ ٱئْتِ ٱلْقَوْمَ ٱلظَّـٰلِمِينَ ﴿١٠﴾

﴾10﴿ (നബിയേ) നിന്റെ രക്ഷിതാവ് മൂസായോട് (ആ) അക്രമികളായ ജനങ്ങളുടെ അടുക്കൽ ചെല്ലുക എന്ന് വിളിച്ചുകൽപിച്ച സന്ദർഭം (ഓർക്കുക);

قَوْمَ فِرْعَوْنَ ۚ أَلَا يَتَّقُونَ ﴿١١﴾

﴾11﴿ - അതായത്, ഫിർഔന്റെ ജനതയുടെ അടുക്കൽ - അവർ സൂക്ഷിക്കുകയില്ലേ (എന്ന് നോക്കുക)?!

قَالَ رَبِّ إِنِّىٓ أَخَافُ أَن يُكَذِّبُونِ ﴿١٢﴾

﴾12﴿ അദ്ദേഹം പറഞ്ഞു: 'രക്ഷിതാവേ, എന്നെ അവർ വ്യാജമാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു;

وَيَضِيقُ صَدْرِى وَلَا يَنطَلِقُ لِسَانِى فَأَرْسِلْ إِلَىٰ هَـٰرُونَ ﴿١٣﴾

﴾13﴿ 'എന്റെ മനസ്സ് ഇടുങ്ങിപ്പോയേക്കും, എനിക്ക് നാവോട്ടം (സംസാരവൈഭവം) ഉണ്ടാകാതിരിക്കുകയും ചെയ്തേക്കും; ആകയാൽ, ഹാറൂന്റെ അടുക്കലേക്ക് നീ (ദൂതനെ) അയച്ചാലും!

وَلَهُمْ عَلَىَّ ذَنۢبٌ فَأَخَافُ أَن يَقْتُلُونِ ﴿١٤﴾

﴾14﴿ '(മാത്രമല്ല) എന്റെമേൽ അവർക്ക് ഒരു കുറ്റവും (ആരോപിക്കുവാൻ) ഉണ്ട്. അതിനാൽ, അവർ എന്നെ കൊന്നു കളയുമെന്ന് ഞാൻ ഭയപ്പെടുന്നു.'

﴾10﴿ وَإِذْ نَادَىٰ വിളിച്ചു പറഞ്ഞ (കൽപിച്ച) സന്ദർഭം, വിളിച്ചപ്പോൾ رَبُّكَ നിന്റെ റബ്ബ് مُوسَىٰ മൂസായെ أَنِ ائْتِ ചെല്ലണമെന്ന് الْقَوْمَ ജനങ്ങളുടെ അടുക്കൽ الظَّالِمِينَ അക്രമികളായ ﴾11﴿ قَوْمَ فِرْعَوْنَ അതായത് ഫിർഔന്റെ ജനത أَلَا يَتَّقُونَ അവർ ഭയപ്പെടുകയില്ലേ, സൂക്ഷിക്കാത്തതെന്താണ് ﴾12﴿ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ إِنِّي أَخَافُ ഞാൻ ഭയപ്പെടുന്നു أَنْ يُكَذِّبُونِ അവർ എന്നെ വ്യാജമാക്കുമെന്ന് ﴾13﴿ وَيَضِيقُ ഇടുങ്ങുകയും ചെയ്യും, ഞെരുങ്ങും, കുടുസ്സാവും صَدْرِي എന്റെ നെഞ്ച് (മനസ്സ്) وَلَا يَنْطَلِقُ ഓടാതിരിക്കയും (വടിവില്ലാതിരിക്കയും) ചെയ്യും لِسَانِي എന്റെ നാവ് فَأَرْسِلْ ആകയാൽ നീ അയക്കുക (ദൂതനെ)

إِلَىٰ هَارُونَ ഹാറൂന്റെ അടുക്കലേക്ക് ﴾14﴿ وَلَهُمْ അവർക്കുണ്ട് عَلَيَّ എന്റെ മേൽ, എന്റെ പേരിൽ ذَنْبٌ ഒരു കുറ്റം, തെറ്റ് فَأَخَافُ അതിനാൽ ഞാൻ ഭയപ്പെടുന്നു أَنْ يَقْتُلُونِ അവരെന്നെ കൊല്ലുമെന്ന്, കൊല്ലുന്നതിനെ

മൂസാ നബി (അ)യുടെ കഥ കുറെ വിശദീകരിച്ചു പറഞ്ഞിട്ടുള്ള സൂറത്തുകളിൽ ഒന്നാണ് ഇതും. സൂ: ത്വാഹായിൽ കൂടുതൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. ഓരോ വശത്തിന്റെയും ആവശ്യമായ വ്യാഖ്യാനത്തോടുകൂടി നാം വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ അതാവർത്തിച്ചു ദീർഘിപ്പിക്കാതെ അത്യാവശ്യ വിവരണംകൊണ്ട് മതിയാക്കുകയാണ്.

'ഹാറൂന്റെ അടുക്കലേക്ക് ദൂതനെ – മലക്കിനെ – അയക്കുക' എന്ന് പറഞ്ഞതിന്റെ താൽപര്യം, തനിക്ക് ഒരു സഹായകൻ എന്ന നിലക്ക് അദ്ദേഹത്തെ റസൂലായി നിയോഗിച്ച് തരണമെന്നായിരുന്നു. 'എന്റെ മേൽ അവർക്ക് ഒരു കുറ്റം ആരോപിക്കുവാനുണ്ട്' എന്ന് പറഞ്ഞത്, അദ്ദേഹം മുമ്പ് ഒരു കിബ്തിയെ കൊലപ്പെടുത്തിയ സംഭവത്തെ ഉദ്ദേശിച്ചാണ്. മൂസാ നബി (അ)യുടെ അപേക്ഷ അല്ലാഹു അനുവദിച്ചുകൊടുത്തു.

قَالَ كَلَّا ۖ فَٱذْهَبَا بِـَٔايَـٰتِنَآ ۖ إِنَّا مَعَكُم مُّسْتَمِعُونَ ﴿١٥﴾

﴾15﴿ അവൻ [അല്ലാഹു] പറഞ്ഞു 'ഒരിക്കലുമില്ല; എന്നാൽ നിങ്ങൾ രണ്ടു പേരും നമ്മുടെ ദൃഷ്ടാന്തങ്ങളുമായി പോയിക്കൊള്ളുക. നിശ്ചയമായും, നാം നിങ്ങളുടെകൂടെ (എല്ലാം) കേട്ടുകൊണ്ടിരിക്കുന്നതാണ്. (ഞാൻ നിങ്ങളെ സഹായിക്കും)

فَأْتِيَا فِرْعَوْنَ فَقُولَآ إِنَّا رَسُولُ رَبِّ ٱلْعَـٰلَمِينَ ﴿١٦﴾

﴾16﴿ 'എന്നിട്ട് നിങ്ങൾ ഫിർഔന്റെ യടുക്കൽ ചെന്ന് ഞങ്ങൾ രണ്ടുപേരും ലോകരക്ഷിതാവിന്റെ ദൂതൻമാരാണ് എന്ന് പറയുക;

أَنْ أَرْسِلْ مَعَنَا بَنِىٓ إِسْرَٰٓءِيلَ ﴿١٧﴾

﴾17﴿ ' –ഇസ്റാഈൽ സന്തതികളെ ഞങ്ങളുടെ കൂടെ നീ വിട്ടയച്ചു തരേണമെന്ന്. (ഇതാണ് ദൗത്യം)'

﴾15﴿ قَالَ അവൻ പറഞ്ഞു كَلَّا ഒരിക്കലുമില്ല, അങ്ങനെയല്ല, അത്‌വേണ്ട فَاذْهَبَا എന്നാൽ നിങ്ങൾ രണ്ടാളും പോകുക بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളുംകൊണ്ട് إِنَّا നിശ്ചയമായും നാം مَعَكُمْ നിങ്ങളുടെ കൂടെ, ഒന്നിച്ച് مُسْتَمِعُونَ കേട്ടുകൊണ്ടിരിക്കുന്നതാണ്, ശ്രദ്ധിച്ചു കേൾക്കുന്നവരാണ് ﴾16﴿ فَأْتِيَا എന്നിട്ട് നിങ്ങൾ രണ്ടുപേരും ചെല്ലുവിൻ فِرْعَوْنَ ഫിർഔന്റെ അടുക്കൽ فَقُولَا എന്നിട്ട് നിങ്ങൾ പറയുവിൻ إِنَّا നിശ്ചയമായും ഞങ്ങൾ رَسُولُ ദൂതൻമാരാണ് رَبِّ الْعَالَمِينَ ലോകരക്ഷിതാവിന്റെ, ലോകരുടെ റബ്ബിന്റെ ﴾17﴿ أَنْ أَرْسِلْ നീ വിട്ടയച്ചു തരണമെന്ന് مَعَنَا ഞങ്ങളുടെ കൂടെ, ഒപ്പം بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളെ (ഗോത്രത്തെ)

തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നതാണ് എല്ലാ റസൂലുകളുടെയും പ്രഥമ പ്രധാനമായ കടമ. ഇതിന് പുറമെ, ധാർമികമായും, സദാചാരപരമായുമുള്ള നിയമനിർദ്ദേശങ്ങളും അവർ അറിയിച്ചുകൊടുക്കേണ്ടതുണ്ട്. എന്നാൽ, അതത് ജനങ്ങളുടെ പരിതഃസ്ഥിതിയനുസരിച്ച് ചില പ്രവാചകൻമാർക്ക് പ്രത്യേകമായി ചില കടമകളും നിർവ്വഹിക്കേണ്ടതുണ്ടായിരിക്കും. ഈ സൂറത്തിൽ തുടർന്നുവരുന്ന നബിമാരുടെ കഥകളിൽനിന്നും മറ്റും ഇത് മനസ്സിലാക്കാം. ഫിർഔന്റെയും, ഇസ്റാഈൽ ഗോത്രക്കാരുടെയും പ്രത്യേക പരിതഃസ്ഥിതി നിമിത്തം, ഇസ്റാഈല്യരെ ഫിർഔനിൽ നിന്ന് മോചിപ്പിക്കുകയെന്നത് മൂസാ നബി (അ)യെ സംബന്ധിച്ചിടത്തോളം, വളരെ പ്രധാനപ്പെട്ട ഒരു പ്രത്യേക കർത്തവ്യമായിരുന്നു. ഇസ്റാഈൽ ജനത ഏറെക്കുറെ 400 കൊല്ലത്തോളമായി കിബ്തികളുടെ (ഈജിപ്തുകാരുടെ) അടിമകളും ഭൃത്യൻമാരുമായി കഴിഞ്ഞുകൂടുകയാണ്. അതികഠിനമായ മർദ്ദനങ്ങൾ സഹിച്ചുകൊണ്ടാണവർ ഈജിപ്തിൽ ജീവിച്ചുവരുന്നത്. അവരിൽ മുൻകഴിഞ്ഞുപോയിട്ടുള്ള പ്രവാചകൻമാരാൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഫലസ്തീൻ പ്രദേശത്തേക്ക് അവരെ കൂട്ടിക്കൊണ്ടുപോയി രക്ഷപ്പെടുത്തുവാൻ അവരെ തങ്ങൾക്ക് വിട്ടുകിട്ടണമെന്നാണ് മൂസാ (അ) ഫിർഔനോട് അല്ലാഹുവിന്റെ കല്പനപ്രകാരം ആവശ്യപ്പെടുന്നത്. അവനുണ്ടോ അതിന് സമ്മതിക്കുന്നു?!–

قَالَ أَلَمْ نُرَبِّكَ فِينَا وَلِيدًا وَلَبِثْتَ فِينَا مِنْ عُمُرِكَ سِنِينَ ﴿١٨﴾

《18》 അവൻ [ഫിർഔൻ] പറഞ്ഞു 'കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിവന്നില്ലേ?! നിന്റെ ആയുഷ്കാലത്തിൽനിന്ന് കുറേ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിഞ്ഞുകൂടുകയും ചെയ്തിരിക്കുന്നു?!

وَفَعَلْتَ فَعْلَتَكَ الَّتِي فَعَلْتَ وَأَنتَ مِنَ الْكَافِرِينَ ﴿١٩﴾

《19》 'നീ ചെയ്തിട്ടുള്ള (ആ ദുഷ്) പ്രവൃത്തിയും നീ ചെയ്തു. 'നീ കൃതഘ്നൻമാരിൽ പെട്ടവൻതന്നെ!'

《18》 قَالَ അവൻ പറഞ്ഞു أَلَمْ نُرَبِّكَ ഞങ്ങൾ നിന്നെ വളർത്തിവന്നില്ലേ فِينَا ഞങ്ങളിൽ, ഞങ്ങളുടെ ഇടയിൽ وَلِيدًا കുട്ടിയായിരിക്കെ, ശിശുവായിരിക്കെ وَلَبِثْتَ നീ കഴിഞ്ഞുകൂടുകയും ചെയ്തു, താമസിക്കുകയും ചെയ്തു فِينَا ഞങ്ങളിൽ, ഞങ്ങളുടെ ഇടയിൽ مِنْ عُمُرِكَ നിന്റെ ആയുഷ്കാലത്തിൽ നിന്ന് سِنِينَ കുറെ കൊല്ലങ്ങൾ《19》 وَفَعَلْتَ നീ പ്രവർത്തിക്കയും ചെയ്തു فَعْلَتَكَ നിന്റെ (ദുഷിച്ച) പ്രവൃത്തി, വിക്രിയ الَّتِي فَعَلْتَ നീ ചെയ്ത, പ്രവർത്തിച്ച وَأَنْتَ നീ, നീയാകട്ടെ مِنَ الْكَافِرِينَ നന്ദികെട്ടവരിൽ പെട്ടവൻതന്നെ, കൃതഘ്നരിൽ പെട്ടവനാണ്

മൂസാ നബി (അ)യെ ഒരു കുറ്റവാളിയായും, നന്ദികെട്ടവനും, ധിക്കാരിയുമായി ചിത്രീകരിക്കുവാനാണ് ഫിർഔൻ ഇതൊക്കെപ്പറയുന്നത്. നീ ഒരു ചോരക്കുഞ്ഞായിരുന്നപ്പോൾ, ഞങ്ങൾ നിന്നെ നദിയിൽനിന്ന് രക്ഷപ്പെടുത്തി ലാളിച്ചുവളർത്തി; വളരെക്കാലം നീ

ഞങ്ങളുടെ ഇടയിൽ സുഖസമ്പൂർണനായി കഴിഞ്ഞുകൂടി. ഇതെല്ലാം ഇരിക്കവെ ഞങ്ങളുടെ കൂട്ടത്തിൽ ഒരാളെ നീ കൊലചെയ്തു നാടുവിടുകയും ചെയ്തു. ഇത്രയും നന്ദികേട് കാട്ടിയ ശേഷം– ഇപ്പോഴിതാ– ഒരു പുതിയ മതവും, വാദവുമായി വന്നിരിക്കുന്നു! എന്നത്രെ ഫിർഔന്റെ ആക്ഷേപം.

മൂസാ നബി (അ) അവരുടെ കൂട്ടത്തിൽ 18 കൊല്ലമാണ് കഴിഞ്ഞു കൂടിയതെന്നും അതല്ല 30 കൊല്ലമാണെന്നും പറയപ്പെടുന്നു. ദിവ്യദൗത്യവുമായി ഈജിപ്തിൽ വന്നശേഷം ഒരു കൊല്ലത്തെ പരിശ്രമം കൊണ്ടാണ് ഫിർഔന്റെ സന്നിധിയിൽ അഭിമുഖസംഭാഷണത്തിന് അവസരം ലഭിച്ചതെന്നും ചിലർ പറഞ്ഞുകാണുന്നു. الله اعلم

قَالَ فَعَلْتُهَآ إِذًا وَأَنَا۠ مِنَ ٱلضَّآلِّينَ ﴿٢٠﴾

﴾20﴿ അദ്ദേഹം പറഞ്ഞു: 'ആ അവസരത്തിൽ ഞാനത് ചെയ്കയുണ്ടായി; ഞാൻ (സൻമാർഗമറിയാതെ) പിഴവ് ബാധിച്ചവരിൽപെട്ടവനായിരുന്നു.

فَفَرَرْتُ مِنكُمْ لَمَّا خِفْتُكُمْ فَوَهَبَ لِى رَبِّى حُكْمًا وَجَعَلَنِى مِنَ ٱلْمُرْسَلِينَ ﴿٢١﴾

﴾21﴿ 'അങ്ങനെ, നിങ്ങളെ ഭയപ്പെട്ടപ്പോൾ നിങ്ങളിൽ നിന്ന് ഞാൻ ഓടിപ്പോയി. അനന്തരം എന്റെ റബ്ബ് എനിക്ക് വിജ്ഞാനം പ്രദാനം ചെയ്തു; എന്നെ അവൻ മുർസലുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَىَّ أَنْ عَبَّدتَّ بَنِىٓ إِسْرَٰٓءِيلَ ﴿٢٢﴾

﴾22﴿ 'അതാകട്ടെ, ഇസ്റാഈൽ സന്തതികളെ കൂടി അടിമകളാക്കിവെച്ചതിനാൽ, എന്റെമേൽ നീ എടുത്തുപറയുന്ന ഒരനുഗ്രഹമത്രെ'.

﴾20﴿ قَالَ അദ്ദേഹം പറഞ്ഞു فَعَلْتُهَا അത് ഞാൻ പ്രവർത്തിച്ചു, ചെയ്തു إِذًا അപ്പോൾ, ആ അവസരത്തിൽ وَأَنَا ഞാനാകട്ടെ, ഞാൻ مِنَ الضَّالِّينَ (അറിവില്ലാതെ) പിഴവുപിണഞ്ഞവരിൽ പെട്ടവനായിരുന്നു ﴾21﴿ فَفَرَرْتُ അങ്ങനെ (അതിനാൽ) ഞാൻ ഓടിപ്പോയി مِنكُمْ നിങ്ങളിൽനിന്ന് لَمَّا خِفْتُكُمْ ഞാൻ നിങ്ങളെ ഭയപ്പെട്ടപ്പോൾ فَوَهَبَ അനന്തരം (എന്നിട്ട്) പ്രദാനം ചെയ്തു لِي എനിക്ക് رَبِّي എന്റെ റബ്ബ് حُكْمًا വിജ്ഞാനം, വിധി, അധികാരം وَجَعَلَنِي എന്നെ അവൻ ആക്കുക (ഉൾപ്പെടുത്തുക)യും ചെയ്തു مِنَ الْمُرْسَلِينَ മുർസലുകളിൽ ﴾22﴿ وَتِلْكَ അത്, അതാകട്ടെ نِعْمَةٌ ഒരു അനുഗ്രഹമാണ് تَمُنُّهَا അത് നീ എടുത്തു പറയുന്നു, ദാക്ഷിണ്യം പറയുന്നു عَلَيَّ എന്റെമേൽ أَنْ عَبَّدتَّ നീ അടിമകളാക്കിയതിനാൽ بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളെ

മൂസാ (അ) ആദ്യമായി കുറ്റം സമ്മതിക്കുകയും, ആ കൈതെറ്റ് വന്നുപോയ പരിതഃസ്ഥിതി വിവരിക്കുകയും ചെയ്തു. ഇന്ന് എനിക്ക് ലഭിച്ചിട്ടുള്ള അറിവും, ബോധവും അന്നെനി

ക്കുണ്ടായിരുന്നില്ല; എന്റെ പക്കൽ അബദ്ധത്തിൽ വന്നുപോയ ആ കുറ്റത്തിന് നിങ്ങളെന്നെ കൊന്നുകളയുമെന്ന് പേടിച്ചുഞാൻ നാടുവിടുകയാണുണ്ടായത്. ഇപ്പോൾ, അല്ലാഹു എനിക്ക് വിജ്ഞാനവും പ്രവാചകത്വവും നൽകിയിരിക്കുന്നു. ആ നിലക്കാണ് ഞാൻ നിങ്ങളുടെ അടുക്കൽ അവന്റെ ദൗത്യവും കൊണ്ട് വന്നിരിക്കുന്നത്. പിന്നെ, നിങ്ങൾ എനിക്ക് ചെയ്ത ചില അനുഗ്രഹങ്ങൾ എടുത്തുപറയുകയുണ്ടായി. വാസ്തവത്തിൽ അത് നിങ്ങളുടെ ഒരു അനുഗ്രഹമായി എടുത്തുദ്ധരിക്കുവാൻ സംഗതിയായത് ഇസ്‌റാഈല്യരെ ആകമാനം നീ അടിമകളാക്കി നിർദ്ദാക്ഷിണ്യം മർദ്ദിച്ചുവന്നതുകൊണ്ടാണല്ലോ. അതില്ലായിരുന്നുവെങ്കിൽ, മറ്റ് കുട്ടികളെപ്പോലെ ഞാനും എന്റെ വീട്ടിൽ എന്റെ കുടുംബത്തിന്റെ കീഴിൽ തന്നെ വളർന്നു വരുമായിരുന്നു. ആ സ്ഥിതിക്ക് അതൊരു ദയാദാക്ഷിണ്യമായി എടുത്തു പറയാനില്ല. എന്നൊക്കെയാണ് മൂസാ നബി (അ) മറുപടി പറയുന്നത്.

'ഞങ്ങൾ ലോകരക്ഷിതാവിന്റെ ദൂതൻമാരാണെന്ന്' മൂസാ (അ) പറഞ്ഞുവല്ലോ. ഫിർഔന് അത് സഹിക്കാൻ കഴിഞ്ഞില്ല.

قَالَ فِرۡعَوۡنُ وَمَا رَبُّ ٱلۡعَٰلَمِينَ ﴿٢٣﴾

﴿23﴾ ഫിർഔൻ പറഞ്ഞു: 'എന്താണ് ലോകരക്ഷിതാവ് (എന്ന് പറയുന്നത്)?!'

قَالَ رَبُّ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا بَيۡنَهُمَآۖ إِن كُنتُم مُّوقِنِينَ ﴿٢٤﴾

﴿24﴾ അദ്ദേഹം പറഞ്ഞു: 'ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവാണ്; നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ!'

﴿23﴾ قَالَ فِرۡعَوۡنُ ഫിർഔൻ പറഞ്ഞു وَمَا എന്താണ്, ഏതാണ് رَبُّ الْعَالَمِينَ ലോകരക്ഷിതാവ്, ലോകരുടെ റബ്ബ് ﴿24﴾ قَالَ അദ്ദേഹം പറഞ്ഞു رَبُّ السَّمَاوَاتِ ആകാശങ്ങളുടെ റബ്ബ് وَالأَرْضِ ഭൂമിയുടെയും وَمَا بَيْنَهُمَا രണ്ടിനുമിടയിലുള്ളതിന്റെയും إِنْ كُنْتُمْ നിങ്ങളാണെങ്കിൽ مُوقِنِينَ ഉറപ്പിക്കുന്നവർ, ദൃഢമായി വിശ്വസിക്കുന്നവർ

ഇത് കേട്ടപ്പോൾ അവൻ ആശ്ചര്യം പ്രകടിപ്പിച്ചു. താനല്ലാതെ മറ്റൊരു റബ്ബും, ഇലാഹും ഇല്ലെന്ന് വാദം മുഴക്കിയിരുന്ന അവൻ അത് പരിഹാസ്യമാക്കുവാൻ ശ്രമം നടത്തി.

قَالَ لِمَنۡ حَوۡلَهُۥٓ أَلَا تَسۡتَمِعُونَ ﴿٢٥﴾

﴿25﴾ അവൻ തന്റെ ചുറ്റുമുള്ളവരോട് പറഞ്ഞു: 'നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ (-ഇവൻ പറയുന്നത്)?!

قَالَ رَبُّكُمۡ وَرَبُّ ءَابَآئِكُمُ ٱلۡأَوَّلِينَ ﴿٢٦﴾

﴿26﴾ അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവ്വികൻമാരായ പിതാക്കളുടെ രക്ഷിതാവും.

أَلَا تَسْتَمِعُونَ ﴿25﴾ قَالَ അവൻ പറഞ്ഞു لِمَنْ യാതൊരുവരോട് حَوْلَهُ അവന്റെ ചുറ്റുമുള്ള
നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ ﴿26﴾ قَالَ അദ്ദേഹം പറഞ്ഞു رَبُّكُمْ നിങ്ങളുടെ റബ്ബാണ്
وَرَبُّ آبَائِكُمُ നിങ്ങളുടെ പിതാക്കളുടെ റബ്ബാണ് الْأَوَّلِينَ പൂർവ്വികൻമാരായ, ആദ്യത്തേവ
രായ

ഇങ്ങനെ, മൂസാ നബി (അ) കാര്യം ഒന്നുകൂടി വ്യക്തമാക്കി. പക്ഷേ, ഫിർഔൻ പരിഹാസം വിട്ടു ശുണ്ഠിയിലേക്ക് നീങ്ങി.

قَالَ إِنَّ رَسُولَكُمُ ٱلَّذِىٓ أُرْسِلَ إِلَيْكُمْ لَمَجْنُونٌ ﴿٢٧﴾

﴿27﴾ അവൻ (സദസ്യരോട്) പറഞ്ഞു: 'നിങ്ങളുടെ അടുക്കലേക്ക് അയക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ (ഈ) റസൂൽ നിശ്ചയമായും ഭ്രാന്തൻ തന്നെയാണ്!'

قَالَ رَبُّ ٱلْمَشْرِقِ وَٱلْمَغْرِبِ وَمَا بَيْنَهُمَآ ۖ إِن كُنتُمْ تَعْقِلُونَ ﴿٢٨﴾

﴿28﴾ അദ്ദേഹം പറഞ്ഞു: 'ഉദയസ്ഥാനത്തിന്റെയും, അസ്തമയ സ്ഥാനത്തിന്റെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും റബ്ബാകുന്നു (അവൻ)- നിങ്ങൾ മനസ്സിരുത്തുന്നുണ്ടെങ്കിൽ!'

الَّذِي أُرْسِلَ ﴿27﴾ قَالَ അവൻ പറഞ്ഞു إِنَّ رَسُولَكُمُ നിശ്ചയമായും നിങ്ങളുടെ റസൂൽ
അയക്കപ്പെട്ടവനായ إِلَيْكُمْ നിങ്ങളിലേക്ക് لَمَجْنُونٌ ഭ്രാന്തൻതന്നെ ﴿28﴾ قَالَ അദ്ദേഹം
പറഞ്ഞു رَبُّ الْمَشْرِقِ ഉദയസ്ഥാനത്തിന്റെ റബ്ബാണ് وَالْمَغْرِبِ അസ്തമയസ്ഥാനത്തിന്റെയും
وَمَا بَيْنَهُمَا രണ്ടിനുമിടയ്ക്കുള്ളതിന്റെയും إِنْ كُنْتُمْ നിങ്ങളാണെങ്കിൽ تَعْقِلُونَ മനസ്സിരുത്തുന്ന,
ബുദ്ധികൊടുക്കുന്നവർ

ഫിർഔന് ഔദ്ധത്യം വർദ്ധിച്ചു. ന്യായത്തിൽകൂടി സംസാരിക്കുവാൻ അവൻ വഴി കാണുന്നില്ല. അങ്ങനെ ശക്തി ഉപയോഗിക്കുവാൻ മുതിർന്നു ഗർജ്ജിക്കുകയായി.

قَالَ لَئِنِ ٱتَّخَذْتَ إِلَٰهًا غَيْرِى لَأَجْعَلَنَّكَ مِنَ ٱلْمَسْجُونِينَ ﴿٢٩﴾

﴿29﴾ അവൻ പറഞ്ഞു: 'ഞാനല്ലാത്ത വല്ല ഇലാഹിനെയും നീ സ്വീകരിക്കുകയാണെങ്കിൽ, നിശ്ചയമായും ഞാൻ നിന്നെ തടവുകാരുടെ കൂട്ടത്തിലാക്കുക തന്നെ ചെയ്യും.'

قَالَ أَوَلَوْ جِئْتُكَ بِشَىْءٍ مُّبِينٍ ﴿٣٠﴾

﴿30﴾ അദ്ദേഹം പറഞ്ഞു: 'ഞാൻ സുപ്രത്യക്ഷമായ ഒരു കാര്യം [ദൃഷ്ടാന്തം] നിനക്ക് കൊണ്ടുവന്നാലോ?! (നീ സമ്മതിക്കുകയില്ലേ?)'

قَالَ فَأْتِ بِهِۦٓ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٣١﴾

《31》 അവന്‍ പറഞ്ഞു: 'എന്നാല്‍, നീ അത് കൊണ്ട് വരുക- നീ സത്യവാന്‍മാരില്‍പെട്ടവനാണെങ്കില്‍!'

فَأَلْقَىٰ عَصَاهُ فَإِذَا هِىَ ثُعْبَانٌ مُّبِينٌ ﴿٣٢﴾

《32》 അങ്ങനെ, അദ്ദേഹം തന്റെവടി (താഴെ) ഇട്ടു; അപ്പോഴതാ, അതൊരു പ്രത്യക്ഷമായ പാമ്പ്!

وَنَزَعَ يَدَهُۥ فَإِذَا هِىَ بَيْضَآءُ لِلنَّـٰظِرِينَ ﴿٣٣﴾

《33》 അദ്ദേഹം തന്റെ കൈ (കക്ഷത്തുനിന്ന്) പുറത്തേക്കെടുത്തു; അപ്പോഴതാ- നോക്കുന്നവര്‍ക്ക് -അതൊരു വെളുത്ത വസ്തു!

《29》 قَالَ അവന്‍ പറഞ്ഞു لَئِنِ اتَّخَذْتَ നീ സ്വീകരിക്കുന്നപക്ഷം, ഏര്‍പ്പെടുത്തിയാല്‍ إِلَٰهًا غَيْرِي ഞാനല്ലാത്ത ഒരു ഇലാഹിനെ لَأَجْعَلَنَّكَ നിശ്ചയമായും ഞാന്‍ നിന്നെ ആക്കുക തന്നെ ചെയ്യും مِنَ الْمَسْجُونِينَ തടവുകാരില്‍, ബന്ധനത്തിലാക്കപ്പെട്ടവരില്‍ 《30》 قَالَ അദ്ദേഹം പറഞ്ഞു أَوَلَوْ جِئْتُكَ ഞാന്‍ നിനക്ക് വന്നുവെങ്കിലോ بِشَيْءٍ ഒരു വസ്തുവുംകൊണ്ട് مُبِينٍ സ്പഷ്ടമായ, വ്യക്തമായ 《31》 قَالَ അവന്‍ പറഞ്ഞു فَأْتِ എന്നാല്‍ നീ വാ بِهِ അതും കൊണ്ട് إِنْ كُنْتَ നീ ആകുന്നുവെങ്കില്‍ مِنَ الصَّادِقِينَ സത്യവാന്‍മാരില്‍ 《32》 فَأَلْقَى അങ്ങനെ അദ്ദേഹം ഇട്ടു عَصَاهُ തന്റെ വടി فَإِذَا هِيَ അപ്പോഴതാ അത് ثُعْبَانٌ ഒരു പാമ്പ്, സര്‍പ്പം مُبِينٌ പ്രത്യക്ഷമായ 《33》 وَنَزَعَ അദ്ദേഹം പുറത്തെടുത്തു, ഊരി എടുത്തു يَدَهُ തന്റെ കൈ فَإِذَا هِيَ അപ്പോഴതാ അത് بَيْضَاءُ ഒരു വെളുത്ത വസ്തു, വെളുത്തതാകുന്നു لِلنَّاظِرِينَ നോക്കുന്നവര്‍ക്ക്

ഫിര്‍ഔന്‍ ശക്തി ഉപയോഗിക്കുവാനുള്ള ഭാവമാണെന്ന് കണ്ടപ്പോള്‍, മൂസാ (അ) ന്യായവാദത്തില്‍നിന്നും ദൃഷ്ടാന്തത്തിലേക്ക് തിരിഞ്ഞു. കണ്ടാല്‍ ആരും സമ്മതിക്കത്തക്ക ദൃഷ്ടാന്തം കാട്ടിത്തന്നാല്‍ സമ്മതിക്കാമോ, എന്നായി. എന്നാലതൊന്ന് കാണട്ടെ, എന്ന് ഫിര്‍ഔനും. പക്ഷേ, മൂസാ (അ) വടിയുടെയും, കയ്യിന്റെയും ദൃഷ്ടാന്തങ്ങള്‍ കാണിച്ചപ്പോള്‍ ജാലവിദ്യയെന്ന് പറഞ്ഞു തള്ളുവാനും, ദുര്‍വ്യാഖ്യാനം ചെയ്യാനും ഫിര്‍ഔന്‍ മുതിരുകയായി:-